പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3309 . 18/02/2013-ൽ മറുപടിക്ക്

## സാംസ്കാരിക വകുപ്പിന് കീഴിൽ നൽകിവരുന്ന പെൻഷനുകൾ.

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

മറുപടി

ശ്രീ.കെ.സി.ജോസഫ്

ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി

എ) സാംസ്കാരിക വകുപ്പിന് കീഴിൽ നൽകിവരുന്ന പെൻഷനുകൾ ഏതൊക്കെയാണ് ;ഇവ ലഭിക്കുന്നത് ഏത് വിഭാഗത്തിൽപ്പെട്ടവർക്കാണ്;

എ) സാമ്പത്തിക ബുദ്ധിമുട്ടുള്ള കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായം ,സിനിമാ കലാകാരന്മാർക്ക് കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി മുഖേന നൽകിവരുന്ന പ്രതിമാസ ധനസഹായം ,കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി മുഖേന നൽകിവരുന്ന പ്രതിമാസ പെൻഷൻ എന്നിവയാണ് സാംസ്കാരിക വകുപ്പ് നൽകിവരുന്ന പെൻഷൻകൾ . സാഹിത്യകാരന്മാർ, സംഗീതം , നൃത്തം, കഥകളി, കേരളീയക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം ;ഹരികഥ, അക്ഷരശ്ളോകം, ചിത്രകല,ശിൽപ്പകല,പൂരക്കളി ബാന്റ് വാദ്യം, നാടൻകലകൾ എന്നീ മേഖലയിലുള്ളവർക്ക് സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായവും സിനിമാ രംഗത്ത് പ്രവർത്തിച്ച നടൻ/ നടി,നർത്തകൻ /നർത്തകി, ഗായകൻ/ഗായിക, ക്യാമറാമാൻ, ഫിലിംഎഡിറ്റർ, സംവിധായകൻ, കലാസംവിധായകൻ, തിരക്കഥാകൃത്ത്, നൃത്തസംവിധായകൻ, മേക്കപ്പ്മാൻ,ശബ്ദലേഖകൻ, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് ചലച്ചിത്ര അക്കാഡമി മുഖേന നൽകിവരുന്ന പ്രതിമാസ ധനസഹായവും സിനിമ, ഇലക്ട്രോണിക്, മാധ്യമം, കേബിളും, കേബിൾ ശൃംഖലയും, നാടകം, സംഗീതം, കഥകളി, ഗാനമേള ,അനുകരണകല, സാഹിത്യം, ചിത്രരചന, ശിൽപ്പകല,നാടൻകലകൾ, അനുഷ്ഠാനകലകൾ, സെമിക്ളാസിക്കൽ കലകൾ, നാടൻ പാട്ടുകൾ, മേക്കപ്പ്, വാദ്യകലകൾ , മാജിക്, സർക്കസ്സ്,മാർഗ്ഗംകളി, ചവിട്ടുനാടകം ,കാർട്ടൂൺ, കഥാപ്രസംഗം, പുരാണപാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിള കലകൾ , പന്തൽ അലങ്കാരം,

| | |
|---|---|
| | ശബ്ദവും, വെളിച്ചവും വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രാഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം അതു പോലെയുള്ള മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിന്റെ ആവശ്യത്തിലേക്കായി വിജ്ഞാപനം മൂലം സർക്കാർ പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതോ, ഏർപ്പെട്ടിരുന്നവരോ ആയ ഏതൊരാൾക്കും കേരളസാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ നിന്നും മറ്റ് നിബന്ധനകൾക്ക് വിധേയമായി പെൻഷൻ നൽകുന്നുണ്ട്. |
| ബി) പെൻഷൻ ലഭിക്കുന്നതിനാവശ്യമായ യോഗ്യതകളും മാനദണ്ഡങ്ങളും എന്തൊക്കെയാണ്; വിശദാംശം നൽകാമോ? | ബി) സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായം 50 വയസ്സിന് മുകളിൽ പ്രായവും പ്രതിമാസം 750/- രൂപയിൽ കവിയാത്ത പ്രതിമാസവരുമാനവുമുള്ളവർക്ക് നൽകുന്നു.50 വയസ്സിന് മുകളിൽ പ്രായവും പ്രതിമാസം 1000/- രൂപയിൽ കവിയാത്ത പ്രതിമാസ വരുമാനവുമുള്ളവർക്ക് കേരള ചലച്ചിത്ര അക്കാഡമി വഴിയും,2010 -ലെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ വ്യവസ്ഥകൾക്കും ടി ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ള ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകളും അനുസരിച്ച് സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം നേടി അംശദായവുമടയ്ക്കുന്ന 60 വയസ്സ് കഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്കും, 60 വയസ്സു പൂർത്തിയാക്കിയ, അഞ്ചു വർഷത്തെ അംശദായം ഒറ്റത്തവണയായി അടച്ച് ക്ഷേമനിധിയിൽ അംഗത്വം നേടുന്ന കലാ സാംസ്കാരിക പ്രവർത്തകർക്കുമാണ് ക്ഷേമനിധി പെൻഷൻ നൽകിവരുന്നത്. |

Sheela M

സെക്ഷൻ ഓഫീസർ